P124

# രണ്ടാം പാദ മൂല്യനിർണ്ണയം
# സാമൂഹ്യ ശാസ്ത്രം

ക്ലാസ്സ് 10

സ്കോർ :80

സമയം: $2_{1/2}$ മണിക്കൂർ

നിർദ്ദേശങ്ങൾ.

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
- ആദ്യത്തെ 15 മിനുട്ട് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനാണ്.

1.

അണുബോംബ് പ്രയോഗിക്കാതെ തന്നെ ജപ്പാനെ പരാജയപ്പെടുത്താൻ സഖ്യകക്ഷികൾക്ക് കഴിയുമായിരുന്നോ? വിലയിരുത്തുക.

3 സ്കോർ

2.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടന്ന പ്രധാന സംഭവങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. ഇവ സംഭവങ്ങൾ നടന്ന ക്രമത്തിലെഴുതുക.

a. ഇന്ത്യ റിപ്പബ്ലിക്കായി
b. ബോംബെ സംസ്ഥാന രൂപീകരണം
c. ഫ്രഞ്ചധീന പ്രദേശങ്ങൾ ഇന്ത്യൻ യൂണിയന്റെ ഭാഗമായി
d. സംസ്ഥാന പുനഃസംഘടന കമ്മീഷൻ നിലവിൽ വന്നു.
e. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ്

5 സ്കോർ

3.

വിൻസ്റ്റൺ ചർച്ചിൽ അമേരിക്കയിലെ ഫുൾട്ടണിൽ നടത്തിയ 'ഇരുമ്പുമറ പ്രസംഗം' മറ്റൊരു യുദ്ധത്തിന് തിരികൊളുത്തി.

i യുദ്ധമേത്?

ii മറ്റ് യുദ്ധങ്ങളിൽ നിന്ന് ഇത് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

iii ലോക രാഷ്ട്രീയ ക്രമത്തിൽ അത് വരുത്തിയ ശ്രദ്ധേയമായ ഒരു മാറ്റം എഴുതുക

3 സ്കോർ

4.

ഫാഷിസത്തിന്റെ ജർമ്മൻ രൂപമാണ് നാസിസം. ഫാഷിസത്തിന്റെയും നാസിസത്തിന്റെയും സ്വഭാവവും രീതികളും വിലയിരുത്തി ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക?

4 സ്കോർ

5.

ഇന്ത്യയിൽ ബ്രിട്ടീഷ് അധിനിവേശത്തിന് കാരണമായ രാഷ്ട്രീയ സാഹചര്യങ്ങളേവ?

2 സ്കോർ

6.
ആധുനിക ശാസ്ത്രയുഗത്തിന് നേതൃത്വം നൽകിയ ശാസ്ത്രകാരന്മാരെ എ കോളത്തിൽ നൽകിയിരിക്കുന്നു. അനുയോജ്യമായവ ബി.സി.സി കോളങ്ങളിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.

| എ | ബി | സി |
|---|---|---|
| മാക്സ് പ്ലാങ്ക് | പരിണാമസിദ്ധാന്തം | അണുബോംബ് |
| ചാൾസ് ഡാർവിൻ | അണുവിഭജനം | ആസ്ട്രിയൻപുരോഹിതൻ |
| ഏണസ്റ്റ് റതർഫോർഡ് | ജനിതകശാസ്ത്രം | ഭൗതികശാസ്ത്രം |
| റവ.ഗ്രിഗോർ മെൻഡൽ | ക്വാണ്ടം ബലതന്ത്രം | ഇംഗ്ലീഷ്പ്രകൃതി ശാസ്ത്രജ്ഞൻ |

**4 സ്കോർ**

---

7.
"ഇന്ത്യ ഒരു നരവംശമ്യൂസിയമാണ്" എന്നാൽ വംശശുദ്ധി അവകാശപ്പെടാൻ കഴിയുന്നതിനപ്പുറം മനുഷ്യ സമൂഹങ്ങൾ തമ്മിൽ ഇടപഴകി കഴിഞ്ഞു. ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക?
3 സ്കോർ

8.

15 ഉം 16 ഉം നൂറ്റാണ്ടുകളിൽ യൂറോപ്യൻ ഭരണാധികാരികളെ ഭൂമിശാസ്ത്രപരമായ കണ്ടുപിടുത്തങ്ങളിലേക്കും പര്യവേഷണങ്ങളിലേക്കും നയിച്ച സാഹചര്യങ്ങൾ എന്ത്? ഏതെങ്കിലും മൂന്നെണ്ണം പ്രതിപാദിക്കുക.
3 സ്കോർ

9.

'പെറ്റീഷൻ ഓഫ് റൈറ്റ്സ്' മുതൽ 'ബിൽ ഓഫ് റൈറ്റ്സ്' വരെയുള്ള ഇംഗ്ലണ്ടിലെ വിവിധ സംഭവവികാസങ്ങൾ ഉൾപ്പെടുത്തി ഒരു ഫ്ളോചാർട്ട് തയാറാക്കുക?
3 സ്കോർ

10

ആക്രാമക ദേശീയതയും പ്രതിരോധദേശീയതയും എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ഉദാഹരണസഹിതം വ്യക്തമാക്കുക?
**3 സ്കോർ**

11.

വിപ്ലവാനന്തര റഷ്യയുടെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്താൻ ലെനിൻ സ്വീകരിച്ച അടിയന്തിര നടപടികൾ എന്തെല്ലാമായിരുന്നു?

**2 സ്കോർ**

12.


'ഭീകരവാദം ലോകം നേരിടുന്ന പ്രധാന വെല്ലുവിളി' - പ്രധാനമന്ത്രി

'നിരക്ഷരത രാജ്യത്തിന്റെ ശാപം' - വാർത്ത

മുകളിൽ നൽകിയിട്ടുള്ള വാർത്താതലക്കെട്ടുകൾ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ സൂചിപ്പിക്കുന്നവയാണ്. ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സെമിനാറിന് വേണ്ട അഞ്ച് ആശയങ്ങളെക്കുറിച്ച് ലഘു വിവരണം തയാറാക്കുക?

5 സ്കോർ

13.




a. ഭൂപടത്തിൽ a, b, c, d എന്നിങ്ങനെ അടയാളപ്പെടുത്തിയവ ഏത് ഭൂപ്രകൃതി വിഭാഗങ്ങളാണെന്ന് എഴുതുക?

b. ഈ ഭൂപ്രകൃതി വിഭാഗങ്ങളുടെ ഓരോ സവിശേഷത വീതം എഴുതുക.

സ്കോർ : 4

14.

ചുവടെ നൽകിയിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്തി ഭൂഖണ്ഡമേതെന്ന് എഴുതുക.

a. വെളുത്ത ഭൂഖണ്ഡം

b. വിസ്തൃതിയിൽ ലോക ഭൂഖണ്ഡങ്ങളിൽ രണ്ടാം സ്ഥാനം

c. പൂർണ്ണമായും ഉത്തരാർധഗോളത്തിൽ സ്ഥിതിചെയ്യുന്ന വൻകര

d. ലോക കരവിസ്തൃതിയിൽ മൂന്നിൽ ഒരു ഭാഗം ഉൾക്കൊള്ളുന്ന വൻകര

സ്കോർ : 2

15.

A കോളത്തിനനുയോജ്യമായി B, C കോളങ്ങളിലെ വിവരങ്ങളെ ക്രമപ്പെടുത്തുക.

| A | B | C |
|---|---|---|
| സ്ഥിരവാതം | ചക്രവാതം | മൗസിം |
| കാലിക വാതം | രാത്രി | ഉത്തര മഹാസമതലം |
| അസ്ഥിരവാതം | പശ്ചിമവാതം | ന്യൂനമർദ്ദം കടലിൽ |
| പ്രാദേശികവാതം | മൺസൂൺ കാറ്റ് | ഫ്യൂറിയസ് ഫിഫ്റ്റീസ് |
| കരക്കാറ്റ് | ലൂ | കേന്ദ്രഭാഗത്ത് ന്യൂനമർദ്ദം |

സ്കോർ : 5

16.

ചുവടെ നൽകിയിട്ടുള്ള പർവതങ്ങൾ ഏതേതു വൻകരകളിൽ ഉൾപ്പെടുന്നു?

a. അറ്റ്ലസ്

b. യുറാൽ

c. ബ്ലാക്ക് ഫോറസ്റ്റ്

d. കാരക്കോറം

സ്കോർ: 2

17.

ചുവടെ നൽകിയിട്ടുള്ള സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന മണ്ണിനം കണ്ടെത്തി ഓരോന്നിനും നേരെ എഴുതുക.

a. ജമ്മു-കാശ്മീർ  b. മഹാരാഷ്ട്ര

c. രാജസ്ഥാൻ  d. ബിഹാർ

സ്കോർ : 2

18

നെല്ലും ഗോതമ്പും ഇന്ത്യയിലെ രണ്ട് പ്രധാന ഭക്ഷ്യവിളകളാണ്. ഇവയുടെ കൃഷിയ്ക്ക് അനുയോജ്യമായ ഭൂമിശാസ്ത്രഘടകങ്ങൾ എഴുതുക.

സ്കോർ : 3

19.

നമുക്കു ചുറ്റും കാണുന്ന വിവിധതരം ധനകാര്യസ്ഥാപനങ്ങളുടെ ലിസ്റ്റ് നല്കുന്നു. അവയെ നൽകിയിട്ടുള്ള തലക്കെട്ടുകൾക്ക് കീഴിൽ പട്ടികപ്പെടുത്തുക. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഫെഡറൽ ബാങ്ക്, കാനറബാങ്ക്, മണപ്പുറം ഫിനാൻസ്, ജില്ലാ സഹകരണബാങ്ക്, പോപ്പുലർ ഫിനാൻസ്, സഹകരണ അർബൺ ബാങ്ക്, യുക്കോബാങ്ക്

| വാണിജ്യ ബാങ്കുകൾ | | സഹകരണ ബാങ്കുകൾ | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ |
|---|---|---|---|
| പൊതുമേഖല | സ്വകാര്യമേഖല | | |
| | | | |

സ്കോർ : 4

20.

കുടിയേറ്റത്തിന്റെ രണ്ട് ഗുണഫലങ്ങളും ദോഷഫലങ്ങളും എഴുതുക

സ്കോർ : 2

21.

1991-നുശേഷം ഇന്ത്യയിൽ സ്വകാര്യവൽക്കരണത്തിന്റെ ശക്തി വർദ്ധിച്ചതായി കാണാം. നമ്മുടെ സമ്പദ്ഘടനയ്ക്ക് ഇത് ഗുണകരമാണോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

സ്കോർ : 4

22.

ഭൂമിശാസ്ത്ര ഘടകങ്ങൾ ജനസംഖ്യാ വിതരണത്തെ സ്വാധീനിക്കുന്നു. ഏതെങ്കിലും ഒരുദാഹരണമെഴുതി ഈ പ്രസ്താവന സമർത്ഥിക്കുക?

സ്കോർ : 3

23.

ഇന്ത്യയിൽ പരുത്തിതുണി മില്ലുകൾ കൂടുതലായി കാണപ്പെടുന്ന സംസ്ഥാനങ്ങളിലൊന്നാണ് ഗുജറാത്ത്. എന്തുകൊണ്ടാണ് അവ അവിടെ കേന്ദ്രീകരിച്ചിരിക്കുന്നത്?

സ്കോർ : 2

24.

ഇന്ത്യയിലെ മഴയുടെ വിതരണത്തിലുള്ള അസന്തുലിതാവസ്ഥയുടെ കാരണങ്ങളേവ?

സ്കോർ : 3

25.

ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ നൽകിയിട്ടുള്ളവയുടെ സ്ഥാനം അടയാളപ്പെടുത്തുക.

- കണ്ട്ല തുറമുഖം • ആരവല്ലി പർവതം • മഹാനദി • ഭിലായ് ഇരുമ്പുരുക്ക് നിർമാണ ശാല

സ്കോർ : 4